"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് (WIPL) വ്യാവസായിക ആവശ്യത്തിനായി അക്കേഷ്യ മാഞ്ചിയം, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർവുഡ്, മഞ്ഞക്കൊന്ന എന്നിവ വില നിശ്ചയിച്ചു കൊണ്ടും ആയതു അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(കൈ) നം.11/2025/F&WLD തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-

1) 1/3/2011-ലെ GO(Rt) No.84/2011/F&WLD നമ്പർ സർക്കാർ ഉത്തരവ്.
2) 03/10/2023-ലെ സ.ഉ(കൈ) നം. 22/2023/F&WLD നമ്പർ സർക്കാർ ഉത്തരവ്.
3) വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 10/10/2023-ലെ കത്ത്.
4) 26/10/2023-ലെ ബി2/139/2023-വനം നമ്പർ യോഗനടപടി ക്കുറിപ്പ്
5) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 20/1/2024, 11/4/2024, 25/1/2025 തീയതികളിലെ പ്രൊ (4)-6543/2013 നമ്പർ കത്ത്.
6) 06/04/2024-ലെ G.O(MS) No.17/2024/F&WLD നമ്പർ സർക്കാർ ഉത്തരവ്.
7) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 20/6/2024-ലെ WL4-5702/2022 നമ്പർ നടപടി ഉത്തരവ്.

ഉത്തരവ്

വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് (WIPL)-ന് വ്യവസായികോൽപ്പാദനത്തിനുള്ള അസംസ്കൃതവസ്തുവായ അക്കേഷ്യ മാഞ്ചിയം എന്ന വനവിഭവം പൊതുലേലത്തിൽ ലഭിച്ച ഏറ്റവും കുറഞ്ഞ വിലയായ മെട്രിക്

ടണ്ണിന് 1550/- രൂപ നിരക്കിൽ 2023-24 സാമ്പത്തികവർഷത്തേയ്ക്ക് പരാമർശം 2) പ്രകാരം അനുവദിച്ചു ഉത്തരവായിരുന്നു. എന്നാൽ ഇതിന്റെ ലഭ്യത കുറവാണെന്ന് വനം വകുപ്പ് അറിയിച്ചതിനാലും ഉത്തരവ് തീയതി മുതൽ സാമ്പത്തികവർഷത്തിൽ ഒരു വർഷകാലാവധി കിട്ടിയിട്ടില്ല എന്നതിനാൽ കമ്പനിയ്ക്ക് അവ ലഭ്യമായിട്ടില്ലെന്നും WIPL എന്ന വ്യവസായ സ്ഥാപനം ആയിരത്തിലധികം തൊഴിലാളികൾക്ക് തൊഴിൽ നൽ കുന്നുണ്ടെന്നും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നികുതി ഇനത്തിൽ വർഷംതോറും കോടിക്കണക്കിന് രൂപ അടച്ചു വരുന്നതാണെന്നും അസംസ്കൃതവസ്തുക്കള് ന്യായമായ വിലയ്ക്ക് ലഭിക്കാതെ വന്നാൽ ഫാക്ടറി പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വരുമെന്നും, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതാണെന്നും ആകയാൽ അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യാ മാഞ്ചിയം, യൂക്കാലിപ്റ്റസ്, വിവിധയിനം വിറകുകൾ, മഞ്ഞക്കൊന്ന എന്നിവ ന്യായമായ വില നിശ്ചയിച്ച് അനുവദിച്ച് നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം 3) പ്രകാരം വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) പ്രസ്തുത ആവശ്യം ചർച്ച ചെയ്യുന്നതിനായി 26.10.2023-ൽ വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന പരാമർശം 4) യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം 5) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായതായിക്കാണുന്ന 75,000 മെട്രിക് ടൺ വനവിഭവങ്ങളിൽ നിന്നും കേരള പേപ്പർ പ്രൊഡക്സ് ലിമിറ്റഡിന് നൽകാൻ തീരുമാനിച്ചിട്ടുള്ള 50,000 മെട്രിക് ടൺ ഒഴിച്ചുള്ള വനവിഭവങ്ങൾ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് നൽകാവുന്നതാണെന്നും, മിസലേനിയസ് ഫയർവുഡുകൾ വിവിധ സർക്കിളുകളുടെ കീഴിലുള്ള വിവിധ റെയിഞ്ചുകളുടെ റിസർവ് പരിധിയിലുള്ള ഡമ്പിംഗ് യാർഡുകളിൽ ശേഖരിച്ച് വച്ചിട്ടുള്ളതാണെന്നും, വിദേശ സസ്യമായ മഞ്ഞക്കൊന്ന (സെന്ന) വില നിശ്ചയിച്ച് വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് അനുവദിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ലഭ്യതയ്ക്കനുസരിച്ച് പ്രതിവർഷം പരമാവധി 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ (പൾപ്പ് വുഡ്) വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് അനുവദിക്കണമെന്നത് പരിഗണിച്ചു (അതാത് സമയം പുതുക്കുന്ന വർക്കിംഗ് പ്ലാൻ പ്രകാരം ലഭ്യതക്കനുസരിച്ച്) വനവിഭവങ്ങളായ (പൾപ്പ് വുഡ്) അക്കേഷ്യ മാഞ്ചിയം മെട്രിക് ടണ്ണിന് 1550/-(ആയിരത്തി അഞ്ഞൂറ്റി അമ്പത് രൂപ) നിരക്കിലും, അക്കേഷ്യ ഓറിക്കുലിഫോർമിസ് 2000/- (രണ്ടായിരം രൂപ) ബാധകമായ നികുതികളും എന്ന നിരക്കിലും, മിസലേനിയസ് ഫയർവുഡിന് മെട്രിക് ടണ്ണിന് 1000/- രൂപ എന്ന നിരക്കിലും, വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യുന്നതിനായി, KPPL- ന് കൊടുത്ത അതേ വ്യവസ്ഥയുടെയും ഉപാധിയുടെയും അടിസ്ഥാനത്തിൽ, മെട്രിക്

ടണ്ണിന് **350/-** രൂപ എന്ന നിരക്കിലും **2025-26** സാമ്പത്തികവർഷത്തിൽ **WIPL**-ന് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, ബല്യപട്ടം, കണ്ണൂർ.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.
ധനവകുപ്പ് **(2926503/Agri-A1/233/2024-FIN dated 11.11.2024)**
വ്യവസായ വകുപ്പ്**(UO(N) No.G2/7/2025/**വ്യവ തീയതി, **25/1/2025** പ്രകാരം)
പൊതുഭരണ **(SC)** വകുപ്പ് **(26.03.2025** ലെ ഇനം നമ്പർ **2782** പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ramjan P A
സെക്ഷൻ ഓഫീസർ
Date: 02-04-2025 11:25:41

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്/ വനം വന്യജീവി വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. ബി2/139/2023/വനം.  ഇനം നം: 2782

വിഷയം : വനം-വന്യജീവി വകുപ്പ് - വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് (WIPL) വ്യാവസായിക ആവശ്യത്തിനായി അക്കേഷ്യ മാഞ്ചിയം, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർ വുഡ്, മഞ്ഞക്കൊന്ന എന്നിവ വില നിശ്ചയിച്ച് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ (2), (3), (4) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradha

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

2782

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/139/2023/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് (WIPL) വ്യാവസായിക ആവശ്യത്തിനായി അക്കേഷ്യ മാഞ്ചിയം, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർ വുഡ്, മഞ്ഞക്കൊന്ന എന്നിവ വില നിശ്ചയിച്ച് അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/12/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്;<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്;<br>ധനകാര്യ വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും അഭിപ്രായം ഉൾ പ്പെടുത്തിയിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ്.വി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മെ.വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് (WIPL)-ന് വ്യാവസായിക ആവശ്യത്തിനായി അക്കേഷ്യ മാഞ്ചിയം, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർ വുഡ്, മഞ്ഞക്കൊന്ന എന്നിവ വില നിശ്ചയിച്ച് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 01.03.2011 ലെ GO(Rt)No.84/2011/F&WLD പ്രകാരം, മെ.വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് (WIPL)-ന് വ്യാവസായികാവശ്യത്തിനുള്ള അസംസ്കൃതവസ്തു എന്ന നിലയിൽ പൾപ്പ് വുഡ് വിഭാഗത്തിൽപ്പെട്ട കശുമാവ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യാ മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നിവ ലഭ്യതയ്ക്കനുസരിച്ച് പ്രതിവർഷം പരമാവധി 50,000 മെട്രിക് ടൺ അനുവദിക്കുവാനും 2010-11 സാമ്പത്തികവർഷത്തേയ്ക്കുള്ള ഇവയുടെ വിലയും തീരുമാനിച്ച് ഉത്തരവായിരുന്നു. അക്കേഷ്യാ ഓറിക്കുലിഫോർമിസ്, അക്കേഷ്യാ മാഞ്ചിയം എന്നിവയുടെ വില പുനർനിശ്ചയിച്ച് 03.08.2015-ലെ GO(Rt)No.362/2015/F&WLD പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു.

3) 01.03.2011 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യാവസായികാവശ്യത്തിനായി എല്ലാ വർഷവും പൾപ്പ് വുഡ് വിഭാഗത്തിൽപ്പെട്ട മേൽപ്പറഞ്ഞ വനവിഭവങ്ങൾ അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് WIPL സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ ആവശ്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 02.11.2022-ൽ വനം വന്യജീവി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിനനുസരിച്ചും, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) ശിപാർശ ചെയ്തത് പ്രകാരവും, കാസർഗോഡ് ഡിവിഷനിൽ 25.10.2022-ൽ നടന്ന പൊതുലേലത്തിൽ ലഭിച്ച ഏറ്റവും കുറഞ്ഞ വിലയായ മെട്രിക് ടണ്ണിന് 1550/- രൂപ (ആയിരത്തി അഞ്ഞൂറ്റി അൻപത് രൂപ മാത്രം) എന്ന നിരക്കിൽ WIPL- ന് 2023-24 സാമ്പത്തികവർഷത്തേക്ക് വനാധിഷ്ഠിത അസംസ്കൃതവസ്തുവായ അക്കേഷ്യാ മാഞ്ചിയം അനുവദിച്ചുകൊണ്ട് 03.10.2023 ലെ സ.ഉ.(കൈ)നം. 22/2023/F&WLD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) തുടർന്ന് WIPL കമ്പനി അധികൃതർ 10.10.2023 തീയതിയിൽ സർക്കാരിൽ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. WIPL ആയിരത്തിലധികം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന ഒരു വ്യവസായ സ്ഥാപനമാണെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നികുതി ഇനത്തിൽ വർഷംതോറും കോടിക്കണക്കിന് രൂപ അടച്ചു വരുന്നതാണെന്നും, അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭിക്കാതെ വന്നാൽ ഫാക്ടറി പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വരുമെന്നും ഇതുമൂലം ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതാണെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു. ആകയാൽ അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യാ മാഞ്ചിയം, യൂക്കാലിപ്റ്റസ്, വിവിധയിനം വിറകുകൾ, മഞ്ഞക്കൊന്ന എന്നിവ ന്യായമായ വിലയ്ക്ക് വ്യാവസായികാവശ്യത്തിനായി അനുവദിച്ച് നൽകണമെന്നഭ്യർത്ഥിച്ചിരുന്നു.

5) ഈ ആവശ്യം ചർച്ച ചെയ്യുന്നതിനായി 26.10.2023-ൽ വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ഒരു യോഗം ചേർന്നിരുന്നു. യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി:

1. 03.10.2023-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പരിഗണിച്ച് നിലവിലെ ലഭ്യതയനുസരിച്ച് WIPL-ന് എത്രയും വേഗം അക്കേഷ്യ മാഞ്ചിയം അനുവദിക്കുക.

2. മുൻ യോഗ തീരുമാനപ്രകാരം പരിശോധിക്കാൻ വിട്ടുപോയിട്ടുള്ള അക്കേഷ്യ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുക.

3. 1978-ലെ Kerala Forest (Fixation of Selling Price) Act-ന്റെ Section 6 A ബാധകമാക്കി പ്രസ്തുത ആക്ട് പ്രകാരം നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ നിരക്കിൽ യൂക്കാലിപ്റ്റസ് അനുവദിക്കുന്നതിനുള്ള സാധ്യതകൾ പിസിസിഎഫ് പരിശോധിച്ച്, കുറഞ്ഞ വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടെ, പ്രൊപ്പോസൽ സമർപ്പിക്കുക.

4. അസംസ്കൃത വസ്തുവായി മിസലേനിയസ് ഫയർവുഡ്, ലഭ്യതയനുസരിച്ച് കുറഞ്ഞ നിരക്കിൽ അനുവദിക്കുന്നത് പരിശോധിക്കുക.

5. Wind fallen ആയിട്ടുള്ളവയിൽ നിന്ന് firewood ശേഖരിക്കാൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുക.

6. പരീക്ഷണാർത്ഥം മഞ്ഞക്കൊന്ന അസംസ്കൃത വസ്തുവായി അനുവദിക്കാനും അതിനായി മഞ്ഞക്കൊന്നകളുള്ള 10 ഏക്കർ വനഭൂമി കണ്ടെത്തി വനസംരക്ഷണ സമിതി (VSS) -യെ ഉപയോഗപ്പെടുത്തി WIPL-നു നൽകുന്നതു സംബന്ധിച്ച് പിസിസിഎഫ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

7. സർക്കാരിന് സമർപ്പിച്ചു എന്ന് അറിയിച്ച കരട് മാർഗനിർദ്ദേശങ്ങൾ പരിഗണിക്കാതെ തന്നെ വർക്കിംഗ് പ്ലാൻ പ്രകാരം നടപടികൾ സ്വീകരിക്കുക.

8. നിലവിലുള്ള സർക്കാർ ഉത്തരവ് വൈകി വന്നതിനാലും ഈ സാമ്പത്തിക വർഷം ഇതുവരെ അക്കേഷ്യ മാഞ്ചിയം അനുവദിച്ചിട്ടില്ലാത്തതിനാലും സർക്കാർ ഉത്തരവിന്റെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുക.

6) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പിസിസിഎഫ് (എഫ്എം)-നോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. നിലവിൽ ലഭ്യമായതായിക്കാണുന്ന 75,000 മെട്രിക് ടൺ വനവിഭവങ്ങളിൽ നിന്നും കേരള പേപ്പർ പ്രൊഡക്സ് ലിമിറ്റഡിന് നൽകാൻ തീരുമാനിച്ചിട്ടുള്ള 50,000 മെട്രിക് ടൺ ഒഴിച്ചുള്ള വനവിഭവങ്ങൾ WIPL-ന് നൽകാവുന്നതാണെന്ന് PCCF (FM) റിപ്പോർട്ട് ചെയ്തു. മിസലേനിയസ് ഫയർവുഡുകൾ വിവിധ സർക്കിളുകളുടെ കീഴിലുള്ള വിവിധ റെയിഞ്ചുകളുടെ റിസർവ് പരിധിയിലുള്ള ഡമ്പിംഗ് യാർഡുകളിൽ ശേഖരിച്ച് വച്ചിട്ടുള്ളതാണ്. വിദേശ സസ്യമായ മഞ്ഞക്കൊന്ന (സെന്ന) വില നിശ്ചയിച്ച് WIPL-ന് നൽകാവുന്നതാണെന്നും പിസിസിഎഫ് അറിയിച്ചിരുന്നു.

7) യൂക്കാലിപ്റ്റസ് ഉൾപ്പെടെയുള്ള വനവിഭവങ്ങൾ WIPL -ന് വിലകുറച്ചു നൽകുന്ന കാര്യം ഉൾപ്പെടെയുള്ള യോഗതീരുമാനങ്ങളിന്മേൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി :

> "നിലവിലെ സർക്കാർ നിയമങ്ങളിലെ (Forest Code, Kerala Financial Code, Kerala Account Code etc.) വ്യവസ്ഥകൾ പ്രകാരവും,

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഗണിയ്ക്കുമ്പോൾ റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവ് നിലവിലെ സ്ഥിതി രൂക്ഷമാക്കും എന്നതിനാലും യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർവുഡ് എന്നീ അസംസ്കൃത വസ്തുക്കൾക്ക് പൊതുലേലത്തിലൂടെ വില കണ്ടെത്തേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു ."

8) ആയിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന വ്യവസായ സ്ഥാപനം എന്ന നിലയിൽ **WIPL**-ന് സർക്കാർ വ്യവസായികോൽപ്പാദനത്തിനുള്ള അസംസ്കൃതവസ്തു എന്ന നിലയിൽ വനവിഭവങ്ങൾ കുറഞ്ഞ നിരക്കിൽ നൽകി വരുന്നുണ്ട്. **20.09.2023**-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനപ്രകാരം സ്ഥാപനത്തിന് കുറഞ്ഞ നിരക്ക് എന്ന നിലയിൽ മെട്രിക് ടണ്ണിന് **1550/-** രൂപ നിരക്കിൽ **2023-24** സാമ്പത്തികവർഷത്തേയ്ക്ക് അക്കേഷ്യ മാഞ്ചിയം അനുവദിച്ചു നൽകാൻ തീരുമാനിച്ച് **03.10.2023**-ലെ സ.ഉ.(കൈ)നം.**22/2023/F&WLD** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിന്റെ ലഭ്യത കുറവാണെന്ന് വനം വകുപ്പ് അറിയിച്ചതിനാലും ഉത്തരവ് തീയതി മുതൽ സാമ്പത്തികവർഷത്തിൽ ഒരു വർഷകാലാവധി കിട്ടിയിട്ടില്ല എന്നതിനാലും കമ്പനിയ്ക്ക് അവ ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങൾ കാണിച്ചാണ് **10.10.2023**-ൽ കമ്പനി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അക്കേഷ്യ മാഞ്ചിയം കൂടാതെ അക്കേഷ്യ ഓറിക്കുലിഫോർമിസ്, വിവിധ വിറകുകൾ എന്നിവ ന്യായമായ വില നിശ്ചയിച്ച് അനുവദിച്ചു നൽകുന്നതിലൂടെ കമ്പനി നടത്തിക്കൊണ്ടുപോകാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണ് കമ്പനി അഭ്യർത്ഥിച്ചിട്ടുള്ളത്.

9) **26.10.2023** ലെ യോഗത്തിൽ പരിഗണിച്ച പ്രകാരം ചുവടെ കൊടുക്കുന്ന തീരുമാനങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാമോ എന്ന നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ചു.

1. **20.09.2023**-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം **2023-24** സാമ്പത്തിക വർഷത്തിൽ അക്കേഷ്യ മാഞ്ചിയം നൽകാൻ വനം വകുപ്പിന് സാധിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തീരുമാന പ്രകാരം മെട്രിക ടണ്ണിന് **1550/-** രൂപ നിരക്കിൽ **2025-26** സാമ്പത്തിക വർഷത്തേയ്ക്ക് അക്കേഷ്യ മാഞ്ചിയം **WIPL**-ന് അനുവദിക്കാമോ?

2. മുൻ തീരുമാനങ്ങളിൽ വിട്ടുപോയ അക്കേഷ്യ ഓറിക്കുലിഫോർമിസ് മെട്രിക് ടണ്ണിന് **500/-** രൂപ നിരക്കിൽ **KPPL**-ന് അനുവദിച്ചതിന്റെ നാലിരട്ടി വർദ്ധനവ് വരുത്തി മെട്രിക് ടണ്ണിന് **2000/-** രൂപയും ബാധകമായ

നികുതികളും എന്ന നിരക്കിൽ **2025-26** സാമ്പത്തിക വർഷത്തേയ്ക്ക് **WIPL**-ന് അനുവദിക്കാമോ?

**3.** മിസലേനിയസ് ഫയർവുഡിന് **2024** ഏപ്രിലിൽ വർദ്ധിപ്പിച്ച നിരക്കായ **₹1900/MT** എന്ന നിരക്കിൽ കുറവ് വരുത്തി **₹1000/MT** എന്ന നിരക്കിൽ **WIPL**-ന് അനുവദിക്കാ മോ?

**4.** വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) **KPPL**- ന് കൊടുത്ത അതേ നിരക്കിലും രീതിയിലും **₹350/MT** എന്ന നിരക്കിൽ **WIPL**-ന് അനുവദിക്കാമോ?

10) തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ഇപ്രകാരം ഉത്തരവായി.

'പ്രൈവറ്റ് കമ്പനിയായ **WIPL** എന്ന സ്ഥാപനത്തിന് **20.09.2023**- ലെ മന്ത്രിസഭായോഗതീരുമാനപ്രകാരം പുറപ്പെടുവിച്ച **03.10.2023**-ലെ സ.ഉ. (കൈ) നം. **22/2023/F&WLD** പ്രകാരം അക്കേഷ്യ മാഞ്ചിയം പൊതുലേലത്തിൽ ലഭിച്ച ഏറ്റവും കുറഞ്ഞ വിലയായ മെട്രിക് ടണ്ണിന് **1550/-** രൂപ നിരക്കിൽ നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം, ഇപ്പോൾ കമ്പനിക്ക് പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നത് എങ്ങനെയാണ്, വനം വകുപ്പിന്റെ അഭിപ്രായ മനുസരിച്ച് **25,000** മെട്രിക് ടൺ മാത്രമെ ലഭ്യമുള്ളൂ. ഈ സാഹചര്യത്തിൽ ഒരു വർഷം അനുവദിക്കാവുന്ന പരമാവധി **Quantity** എത്രയാണ്, മിസലേനിയസ് ഫയർ വുഡിന് ഏപ്രിൽ **2024**-ൽ നിശ്ചയിച്ച വിലയിൽ നിന്നും പകുതിയോളം വില കുറച്ചതിന്റെ കാരണം എന്നീ വിവരങ്ങളും, **WIPL** ഒരു വ്യവസായ സ്ഥാപനമായ തിനാൽ ഈ വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി അതുംകൂടി ഉൾപ്പെടുത്തിയും പുതുക്കിയ കുറിപ്പ് സമർപ്പിക്കുക.'

11) വർക്കിംഗ് പ്ലാൻ പ്രകാരവും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺ സർവേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അക്കേഷ്യ മാഞ്ചിയം ലഭ്യമല്ലാത്തത് കൊണ്ടാണ് **WIPL** നു അക്കേഷ്യ മാഞ്ചിയം അനുവദിക്കാൻ കഴിയാത്തതെന്നും ഇപ്പോൾ പ്രാദേശിക കർഷകരുടെ പറമ്പുകളിൽ നിന്നും ഡീലർമാർ വഴിയാണ് **WIPL** നു അസംസ്കൃത വസ്തുക്കൾ ലഭ്യമാകുന്നതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ **14.03.2024** നു ചേർന്ന യോഗതീരുമാനം അനുസരിച്ചു **KPPL** നു **10** വർഷത്തേക്ക് പ്രതിവർഷം **80,000** ടൺ അസംസ്കൃത വസ്തുക്കൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് അത് പ്രകാരവും വർക്കിംഗ് പ്ലാൻ പ്രകാരവും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും **WIPL** നു നൽകാൻ

ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഇപ്പോൾ ലഭ്യമല്ല എന്നുമാണ് PCCF(FM) അറിയിച്ചത്.

12) ഈ വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ഇപ്രകാരമാണ്.

"മെ.വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ലിമിറ്റഡ് പ്രധാനമായും പ്ലൈവുഡ്, ഹാർഡ് ബോർഡ്, സോഫ്റ്റ് ബോർഡ് എന്നിവ നിർമ്മിക്കുന്ന സ്ഥാപനമാണ്. ഇതിൽ ഹാർഡ് ബോർഡ്, സോഫ്റ്റ് ബോർഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രധാന അസംസ്കൃത വസ്തുവാണ് അക്കേഷ്യ മാഞ്ചിയം, യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറികൂലിഫോർമിസ്, മറ്റു വിറകുകൾ എന്നിവ. നിലവിൽ ഇവ പ്രാദേശികമായ കർഷകരുടെ പറമ്പുകളിൽ നിന്നാണ് ഡീലർമാർ വഴി ലഭ്യമാകുന്നത്. ഇങ്ങനെ വാങ്ങിയ വിറകുകളുടെ ചില പർച്ചെയ്സ് ബില്ലുകൾ ഉള്ളടക്കം ചെയ്യുന്നു. അത് പ്രകാരം മുറിച്ചു കഷണങ്ങളാ ക്കിയ വുഡ് ഫാക്ടറിയിൽ ഡെലിവറി ചെയ്യുന്നതിന് ടണ്ണിന് ഏകദേശം 3150/- രൂപ ആണ് നിലവിലെ വില. ഹാർഡ്/സോഫ്റ്റ് ബോർഡ് നിർമ്മാണത്തിനായി സ്ഥാപന ത്തിൽ നാലു പ്രൊഡക്ഷൻ ലൈനുകൾ ഉണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് പ്രതിദിനം ഏകദേശം 250 ടൺ വുഡ് ആവശ്യമുണ്ട്. എന്നാൽ നിലവിൽ 70 ടൺ മുതൽ 100 ടൺ വരെയേ ലഭ്യമാകാറുള്ളുവെന്നും ചില ദിവസങ്ങളിൽ ഇത്രയും ലഭ്യമാകില്ലെന്നും അധികൃതർ അറിയിച്ചു. ഈ കാരണങ്ങളാൽ സ്ഥാപനത്തിന്റെ കപ്പാസിറ്റിയുടെ ഏകദ്ദേശം 50-55 ശതമാനമേ ഉപയോഗപ്പെടുത്താൻ സാധിക്കുന്നുള്ളൂ. സ്ഥാപനം സമർപ്പിച്ച പരാതിയിലെ സൂചനയിൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള അക്കേഷ്യ 5 വർഷത്തിലധികമായി ലഭ്യമാകുന്നില്ലെന്നും Industrial Plantation പ്രദേശങ്ങൾ സ്വാഭാവിക വനമാക്കി മാറ്റുന്നതിനാലായിരിക്കാം ഇവയുടെ ലഭ്യത കുറഞ്ഞത് എന്നും അധികൃതർ വാക്കാൽ അറിയിച്ചു. സ്ഥാപനത്തിൽ ആയിര ത്തിലധികം ജീവനക്കാരുണ്ട്. ഇതിൽ മുന്നൂറിലധികം വനിതകൾ ആണ്.

മേൽ സാഹചര്യത്തിൽ, മെ.വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ നല്ല നിലയിലുള്ള നടത്തിപ്പിനും തൊഴിലവസരങ്ങൾ കുറയാതിരിക്കുന്നതിനുമായി പരാതിയിൽ ആവശ്യപ്പെട്ട പ്രകാരം യൂക്കാലിപ്റ്റസിനും അക്കേഷ്യ ഓറിക്കുലിഫോർമിസിനും വിവിധ വിറകുകൾക്കും ന്യായമായ വില നിശ്ചയിച്ചു കൊടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്."

13) കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (KPPL)-ന് മെട്രിക് ടൺ ഒന്നിന് 350/- രൂപ (മുന്നൂറ്റമ്പത് രൂപ മാത്രം) എന്ന നിരക്കിൽ സെന്ന നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ നിലവിലെ നിരക്കായ മെട്രിക് ടൺ ഒന്നിന് 350/- രൂപ എന്നത് ഒഴിവാക്കി, മുഴുവൻ നിർമ്മാർജ്ജന പ്രവർത്തനങ്ങളും KPPL വഹിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സെന്ന നീക്കം ചെയ്യുന്നതിന് KPPL-ന് അനുവാദം നൽകുവാൻ 04.01.2025 ലെ കത്ത് പ്രകാരം പിസിസിഎഫിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2021-ലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയം പ്രകാരം മഞ്ഞ ക്കൊന്ന (സെന്ന) വനം വകുപ്പ് നീക്കം ചെയ്യേണ്ടതുണ്ട്.

14) തുടർന്ന് ഫയൽ സമർപ്പിച്ചപ്പോൾ അതാത് സമയം പുതുക്കുന്ന രീതിയിലു ള്ള വർക്കിംഗ് പ്ലാൻ പ്രകാരവും ലഭ്യതക്കനുസരിച്ചും അസംസ്കൃത വസ്തുക്കൾ പരമാവധി 80,000 ടൺ വരെ 10 വർഷത്തേക്ക് ലഭ്യമാക്കാവുന്നതാണ് എന്ന രീതിയിൽ നോട്ട് സമർപ്പിക്കുവാൻ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ഉത്തരവായി.

15) മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

(1) നിലവിലെ സർക്കാർ നിയമങ്ങളിലെ (Forest Code, Kerala Financial Code, Kerala Account Code etc.) വ്യവസ്ഥകൾ പ്രകാരവും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയും പരിഗണിയ്ക്കുമ്പോൾ റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവ് നിലവിലെ സ്ഥിതി രൂക്ഷമാക്കും എന്നതിനാൽ ധന വകുപ്പ് നിർദ്ദേശിച്ചപ്രകാരം യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർ വുഡ് എന്നീ അസംസ്കൃത വസ്തുക്കൾക്ക് പൊതുലേലത്തിലൂടെ വില കണ്ടെത്തുന്നതിനുWIPL-ന് ലേലത്തിൽ പങ്കെടുക്കുവാൻ നിർദ്ദേശം നൽ കാമോ?

അല്ലെങ്കിൽ

(2) 01.03.2011-ലെ G.O(Rt)No.84/2011/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യതക്കനുസരിച്ച് പ്രതിവർഷം പരമാവധി 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ (പൾപ്പ് വുഡ്) WIPL-ന് അനുവദിക്കണമെന്നത് പരിഗണിച്ചും (അതാത് സമയം പുതുക്കുന്ന വർക്കിംഗ് പ്ലാൻ പ്രകാരം ലഭ്യതക്കനുസരിച്ച്) ധന വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ടും, വനവിഭവങ്ങളായ (പൾപ്പ് വുഡ്) അക്കേഷ്യ മാഞ്ചിയം, അക്കേഷ്യ

ഓറിക്കുലിഫോർമിസ് എന്നിവ താഴെപ്പറയുന്ന നിരക്കുകളിൽ **2025-26** സാമ്പത്തികവർഷത്തിൽ **WIPL**-ന് അനുവദിക്കാമോ?

**(a) 20.09.2023**-ലെ മന്ത്രിസഭായോഗത്തിൽ തീരുമാനിച്ച പ്രകാരം**2023-24** സാമ്പത്തികവർഷത്തിൽ മെ.വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ലിമിറ്റഡിന് അക്കേഷ്യ മാഞ്ചിയം നൽകാൻ വനം വകുപ്പിന് സാധിക്കാത്തതിനാൽ അക്കേഷ്യ മാഞ്ചിയം മെട്രിക് ടണ്ണിന് **1550/-** രൂപ എന്ന നിരക്കിൽ,

**(b)** അക്കേഷ്യ ഓറിക്കുലിഫോർമിസ് മെട്രിക് ടണ്ണിന് **500/-** രൂപ നിരക്കിൽ **KPPL**-ന് അനുവദിച്ചിരുന്നു. ഇതിന്റെ നാലിരട്ടി വർദ്ധനവ് വരുത്തി മെട്രിക് ടണ്ണിന് **2000/-** രൂപയും ബാധകമായ നികുതികളും എന്ന നിരക്കിൽ,

കൂടാതെ

**(3)** മിസലേനിയസ് ഫയർവുഡിന്, **2024** ഏപ്രിലിൽ വർദ്ധിപ്പിച്ച നിരക്കായ മെട്രിക് ടണ്ണിന് **1900/-** രൂപ എന്നതിൽ **50** ശതമാനത്തോളം കുറവ് വരുത്തി മെട്രിക് ടണ്ണിന് **1000/-** രൂപ എന്ന നിരക്കിൽ **2025-26** വർഷത്തേക്ക് അനുവദിക്കാമോ?

**(4)** വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യുന്നതിനായി **KPPL**-ന് കൊടുത്ത അതേ വ്യവസ്ഥയുടെയും ഉപാധിയുടെയും അടിസ്ഥാനത്തിൽ (നേരത്തെ മെട്രിക് ടണ്ണിന് **350/-** രൂപ എന്ന നിരക്കിൽ) **2025-26** വർഷത്തിൽ അനുവദിക്കാമോ?.